# NEWS PAPER CUTTINGS ON 13.11.2023 IN KOZHIKODE RURAL

## MATHRUBHUMI DAILY

Theft reported at Thiruvallur.Vatakara PS Cr.no 1207/23 U/s 461,457,380



**അടച്ചിട്ട വീട്ടിൽനിന്ന് സ്വർണവും പണവും കവർന്നു**

**തിരുവള്ളൂർ ►** ബാവുപ്പാറയിൽ അടച്ചിട്ട വീട്ടിൽനിന്ന് സ്വർണവും പണവും കവർന്നു. വാഴാട്ട്പൊയിൽ ടി.കെ. കുഞ്ഞമ്മദിന്റെ വീട്ടിൽനിന്നാണ് നാലുപവനും 45,000 രൂപയും മോഷ്ടിച്ചത്. കുഞ്ഞമ്മദും ഭാര്യയും വിദേശത്താണ്. ബന്ധുക്കൾ ശനിയാഴ്ച വീട് വൃത്തിയാക്കാനെത്തിയപ്പോഴാണ് മോഷണം നടന്നത് അറിഞ്ഞത്. മുഴുവൻ അലമാരകളും തകർത്തിട്ടുണ്ട്. പോലീസിൽ പരാതിനൽകി. വിരലടയാള വിദഗ്ധരും ഡോഗ് സ്ക്വാഡും സ്ഥലത്തെത്തി പരിശോധന നടത്തി. വടകര പോലീസ് കേസെടുത്തു.

വാഴാട്ട്പൊയിൽ ടി.കെ. കുഞ്ഞമ്മദിന്റെ വീട്ടിൽ മോഷ്ടാക്കൾ കുത്തിത്തുറന്ന അലമാര

## MANORAMA DAILY

One Fadil at Nadapuram arrested by Police for illegal possessing of cash.



**രേഖകളില്ലാത്ത പണവുമായി യുവാവ് പിടിയിൽ**

നാദാപുരം ● രേഖകളില്ലാത്ത 6,97,300 രൂപയുമായി കല്ലാച്ചി സ്വദേശി പറമ്പത്ത് വീട്ടിൽ ഫാദിൽ (19) പൊലീസ് പിടിയിൽ. കൺട്രോൾ റൂം ഇൻസ്പെക്ടർ ശിവൻ ചോടോത്തിന്റെ നേതൃത്വത്തിലുള്ള സംഘമാണ് ജില്ലാ അതിർത്തിയായ കായപ്പനിച്ചിയിൽ വാഹന പരിശോധനയ്ക്കിടെ സ്കൂട്ടറിൽ സൂക്ഷിച്ച പണം കണ്ടെത്തിയത്. 500 രൂപയുടെ 14 കെട്ടുകൾ സീറ്റിനടിയിലെ പെട്ടിയിൽ സൂക്ഷിച്ച നിലയിലായിരുന്നു. 2 ലക്ഷം രൂപ സിഡിഎമ്മിൽ നിക്ഷേപിച്ചതിന്റെ രസീതും കണ്ടെത്തി. പ്രതിയെ എൻഫോഴ്സ്മെന്റിന് കൈമാറുമെന്ന് പൊലീസ് പറഞ്ഞു. എസ്ഐ കെ.രാധാകൃഷ്ണൻ, സിവിൽ പൊലീസ് ഓഫിസർമാരായ എ.ബിജു, ടി.ലതേഷ് എന്നിവരും അടങ്ങുന്ന സംഘമാണ് പണം കണ്ടെത്തിയത്.